(ബി) പിരിച്ചെടുക്കുന്ന സംഖ്യയിൽ പരമാവധി ആനുകൂല്യം തൊഴിലാളികൾക്ക് നൽകുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വിവിധ ക്ഷേമനിധി ബോർഡുകളെ തമ്മിൽ ലയിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ബോർഡുകൾ?

ഉത്തരം

(എ) ഇല്ല.

(ബി) തൊഴിലാളികൾക്കുവേണ്ടി പുതിയ ആനുകൂല്യ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ആനുകൂല്യങ്ങൾക്ക് തുക വർദ്ധിപ്പിച്ചും നൽകുന്നുണ്ട്.

(സി)&(ഡി) ഇപ്പോൾ പരിഗണനയിലില്ല.

97 (493) തൊഴിലാളി ക്ഷേമബോർഡുകളിലെ നിയമനങ്ങൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം തൊഴിലാളി ക്ഷേമ ബോർഡുകളുടെ നിയമനം പി. എസ്.സിക്ക് വിട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പി.എസ്.സി വഴി പ്രസ്തുത ബോർഡുകളിൽ നിയമനം നടത്തുവാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ നടപടികളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കി നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ നിയമനം പി.എസ്.സിക്ക് വിട്ടിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ റിക്രൂട്ട്മെന്റ് റൂൾസ് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരുന്നു.

(സി)&(ഡി) കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്റ്റാഫ് റെഗുലേഷനുകൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു ബോർഡുകളിലെ സ്റ്റാഫ് റെഗുലേഷൻ (പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട്) ഉത്തരവ് പുറപ്പെടുവിക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly